പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 288 28.01.2019- ൽ മറുപടിയ്ക്ക്

## എൻഡോസൾഫാൻ ദുരിതബാധിതർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.സി.ജോർജ്ജ് | | കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി.) | |
| (എ) | എൻഡോസൾഫാൻ ദുരിതബാധിതർക്കു വേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നത്; വിശദമാക്കുമോ; | (എ) | എൻഡോസൾഫാൻ ദുരിതബാധിതർക്കുവേണ്ടി സർക്കാർ നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | എൻഡോസൾഫാൻ ദുരിതബാധിതരുടെ കടങ്ങൾ എഴുതിതള്ളുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരുടെ 50,000/- രൂപ വരെയുള്ള ലോണുകൾ എഴുതി തള്ളുന്നതിന് 2.17 കോടി രൂപ കാസർഗോഡ് ജില്ലാ കളക്ടർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | എൻഡോസൾഫാൻ ദുരിതബാധിതമേഖലയിലെ ബഡ്സ് സ്കൂളുകളുടെ പുരോഗതിക്കായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നത്; വിശദമാക്കുമോ? | (സി) | മാനസിക വൈകല്യമുള്ള ദുരിത ബാധിതരെ പരിപാലിക്കുന്നതിനായി എൻഡോസൾഫാൻ ദുരിതബാധിത പഞ്ചായത്തുകളിലായി 6 എണ്ണവും നീലേശ്വരം മുൻസിപ്പാലിറ്റിയിൽ ഒന്നുമായി ആകെ 7 ബഡ്സ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ബഡ്സ് സ്കൂളുകൾക്ക് വാഹന സൗകര്യം നൽകിയിട്ടുണ്ട്. കൂടാതെ നബാർഡ് RIDF എൻഡോസൾഫാൻ പാക്കേജ് പ്രകാരം 9 ദുരിത ബാധിത പഞ്ചായത്തുകളിൽ ആധുനിക സൗകര്യത്തോട് കൂടി ബഡ്സ് സ്കൂൾ നിർമ്മിച്ചു വരുന്നു. 6 ബഡ്സ് സ്കൂളുകൾ ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് കൈമാറി നൽകിയിട്ടുണ്ട്. ഇതിൽ പെരിയ ബഡ്സ് സ്കൂളിനെ അന്താരാഷ്ട്ര നിലവാരമുള്ള ഒരു മോഡൽ ബഡ്സ് സ്കൂളായി ഉയർത്തുന്നതിനായുള്ള നടപടികൾ പൂർത്തീകരിച്ച് 2016 നവംബർ 4 ന് സ്കൂൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## 1. സ്നേഹസാന്ത്വനം പദ്ധതി

ആരോഗ്യ വകുപ്പ് നടത്തിയ സർവ്വേയുടേയും മെഡിക്കൽ ക്യാമ്പിന്റെയും അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലാ കളക്ടർ അംഗീകരിച്ച് നൽകിയ ദുരിതബാധിതരുടെ ലിസ്റ്റ് പ്രകാരം ദീർഘകാല ചികിത്സ ആവശ്യമുള്ളതും രോഗാവസ്ഥയിലുള്ളവരും തൊഴിലെടുക്കാനാകാതെ വീട്ടിനുള്ളിൽ കഴിയുന്നവരുമായവരിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് വികലാംഗ പെൻഷൻ ലഭിക്കുന്നവർക്ക് 1700/- രൂപയും വികലാംഗ പെൻഷൻ ലഭിക്കാത്തവർക്ക് 2200/- രൂപയും എൻഡോസൾഫാൻ ദുരിത ബാധിതരായ മറ്റുള്ളവർക്ക് 1200/- രൂപ വീതവും പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്.

## 2. എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി:

എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ കുട്ടികൾക്ക് പ്രത്യേക വിദ്യാഭ്യാസ ധനസഹായമായി ബഡ്സ് സ്കൂളിൽ പഠിക്കുന്നവർക്കും 1 മുതൽ 7-ാം ക്ലാസ്സുവരെയുള്ള കുട്ടികൾക്കും 2000/- രൂപ വീതവും 8 മുതൽ 10 വരെയുള്ള ക്ലാസ്സുവരെയുള്ളവർക്ക് 3000/- രൂപ വീതവും 11, 12 ക്ലാസ്സുകളിലുള്ളവർക്ക് 4000/- രൂപ വീതവും ഒറ്റത്തവണ ധനസഹായം നൽകുന്ന പദ്ധതിയാണിത്.

## 3. സ്പെഷ്യൽ ആശ്വാസകിരണം പദ്ധതി

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ ഗണത്തിൽ പൂർണ്ണമായും കിടപ്പിലായവരോ ബുദ്ധിമാന്ദ്യം സംഭവിച്ചിട്ടുള്ളവരോ ആയവരെ (പരസഹായം കൂടാതെ ജീവിക്കാൻ പറ്റാത്തവർ) പരിചരിക്കുന്ന ഒരാൾക്ക് സാമൂഹ്യ സുരക്ഷാ മിഷന്റെ സ്പെഷ്യൽ ആശ്വാസകിരണം പദ്ധതിയിലുൾപ്പെടുത്തി പ്രതിമാസം 700/ രൂപ നിരക്കിൽ ധനസഹായം വിതരണം ചെയ്യുന്ന പദ്ധതി നിലവിൽ ഈ പദ്ധതി പ്രകാരം 790 പേർക്ക് ധനസഹായം നൽകി വരുന്നു.

4. കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതർ ഉൾപ്പെടുന്ന 11 പഞ്ചായത്തുകൾക്ക് [illegible]ഷിപ്പ്, മെയിന്റനൻസ് ചെലവുകൾ എന്നിവ ബന്ധപ്പെട്ട പഞ്ചായത്തുകൾ വഹിക്കാമെന്ന വ്യവസ്ഥതിന്മേൽ ഓരോ ആംബുലൻസ് വാങ്ങുന്ന പദ്ധതി പ്രകാരം 11 പഞ്ചായത്തുകൾക്ക് ആംബുലൻസ് വാങ്ങി നൽകുന്നതിനായി 71,73,012/ രൂപ കാസർഗോഡ് ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്.

5. കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ പുനരധിവാസ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി നിയമിച്ചിട്ടുള്ള ജെ.എച്ച്.ഐ.മാർക്ക് ശമ്പളം അനുവദിക്കുന്നതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും 73,53,000/ രൂപ കാസർഗോഡ് നാഷണൽ ഹെൽത്ത് മിഷൻ ജില്ലാ പ്രോഗ്രാം മാനേജർക്ക് അനുവദിച്ചിട്ടുണ്ട്.

6. 25 കോടി രൂപ മുതൽ മുടക്കിൽ നിർമ്മിക്കുന്ന കാസർഗോഡ് ജില്ലയിലെ മുളിയാർ വില്ലേജിൽ എൻഡോസൾഫാൻ പുനരധിവാസ ഗ്രാമത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ കോഴിക്കോട് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോഓപ്പറേറ്റീവ് സൊസൈറ്റിയെ ഏല്പിച്ചിട്ടുണ്ട്.

കൂടാതെ സൗജന്യ വിദഗ്ധ സ്പെഷ്യാലിറ്റി & സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ, എൻഡോസൾഫാൻ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പ്, ഡയാലിസിസ് സേവനം, ഫിസിയോ തെറാപ്പി സേവനം, മൊബൈൽ മെഡിക്കൽ ടീം, ദുരിതബാധിതർക്ക് യാത്രാ സൗകര്യം, ജില്ലാ ട്രീറ്റ്മെന്റ് കമ്മറ്റി, ഡെത്ത് ഓഡിറ്റ് കമ്മറ്റി എന്നീ പ്രവർത്തനങ്ങളും നടത്തിവരുന്നു.

സെക്ഷൻ ഓഫീസർ